KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 29/09/ 2020

# കുപ്രസിദ്ധ ഗുണ്ട നിഥിൻദാസ് പോലീസ് പിടിയിലായി

കൊല്ലം : വാഹനത്തിൽ അമിത വേഗതയിൽ സഞ്ചരിച്ചതിനെ ചോദ്യം ചെയ്തയാളെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച ഗുണ്ടയായ ഉണ്ണിക്കുട്ടൻ എന്നു വിളിക്കുന്ന നിഥിൻദാസ് ആണ് ശക്തികുളങ്ങര പോലീസിന്റെ പിടിയിലായത്. ഈ മാസം ഒന്നാം തീയതി ശക്തികുളങ്ങര മരുത്തടി അംബദ്കർ ജംഗ്ഷനിലാണ് സംഭവം നടന്നത്. അമിത വേഗതയിൽ സ്ക്കൂട്ടറിൽ വന്നതിനെ ചോദ്യം ചെയ്ത ഷിബുദാസിനെ ടിയാൻ വടിവാൾ വച്ച് കഴുത്തിന് വെട്ടി കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിനൊടുവിലാണ്




ഇയാൾ പിടിയിലായത്. കൊലപാതകം, മയക്ക് മരുന്ന് വ്യാപാരം, കൊലപാതക ശ്രമം തുടങ്ങി പോലീസിലും എക്സൈസിലുമായി നിരവധി കേസുകളിൽ പ്രതിയായ ഇയാൾ മുമ്പ് കാപ്പാ പ്രകാരം തടവിൽ കഴിഞ്ഞയാളാണ്. ശക്തികുളങ്ങര ഇൻസ്പെക്ടർ ബിജു.എസ്സ്.റ്റിയുടെ നേതൃത്വത്തിൽ എസ്സ്.ഐ അനീഷ്.വി, എ.എസ്സ്.ഐ ബിജു, സിപിഓ രാജേഷ് തുടങ്ങിയവരടങ്ങിയ സംഘമാണ് പിടികൂടിയത്.